(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി) പ്രൈമറി മേഖലയിലെ എല്ലാ സ്കൂളുകളും വൃത്തിയുള്ള കാമ്പസുകളായി മാറ്റുന്നതിനോടൊപ്പം തന്നെ കുട്ടികളുടെ പഠനനിലവാരം ഉറപ്പുവരുത്തുക, ഓരോ ക്ലാസിലെയും ആർജ്ജിത പ്രാപ്തികൾ വർഷാവസാനം പഠിതാക്കൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ മുതൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർവരെയും എസ്.എസ്.എ.-യിലെ ജില്ലാ പ്രോജക്ട് ഓഫീസർ മുതൽ സി.ആർ.സി. കോർഡിനേറ്റർമാർവരെയും സ്കൂൾതലങ്ങളിൽ പ്രഥമാദ്ധ്യാപകരും, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയംഗങ്ങളുമാണ് ഇതുമായി സഹകരിക്കുന്നത്.

(ഡി) 2014-15-ൽ എസ്.എസ്.എ. ആവിഷ്കരിച്ച ഒരു ഗുണമേന്മ പദ്ധതിയാണ് ഇത്. സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. സർക്കാർ ഇതു നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പുപ്പെടുവിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം

23 (*413) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(സി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം ശ്രപീകരിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശ്രപാർശ പരിഗണിച്ചുവരുന്നു.

(ബി) വില്ലേജ് ആഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സുഗമവും, കാര്യക്ഷമമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി & ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.

ഭക്ഷ്യസുരക്ഷാ നിയമം

24 (*414) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം എന്തെന്ന് വിശദമാക്കാമോ ;

(ബി) നിയമം നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തെ റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിലവിലുള്ളതിനേക്കാൾ എത്ര കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്ന ഗുണഭോക്താക്കളെ എങ്ങനെ സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്താണ് ;

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാകുമ്പോൾ നിലവിലുള്ള ബി.പി.എൽ. കുടുംബങ്ങൾ പൂർണ്ണമായും ബി.പി.എൽ. ഗുണഭോക്താക്കളായിത്തന്നെ നിലനിൽക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly